ഇരുചക്ര വാഹന മോഷ്ടാവ് പോലീസ് പിടിയിൽ. തിരുവനന്തപുരം രാമപുരം കുഞ്ഞുവീട്ടുവിളാകം ഓലിക്കോട് വീട്ടിൽ സഞ്ജിത്ത് (33) നെയാണ് അങ്കമാലി പോലീസ് പിടികൂടിയത്. കഴിഞ്ഞ 5 ന് റെയിൽവേ സ്റ്റേഷൻ റോഡിൽ നിന്നാണ് ഇയാൾ ബുള്ളറ്റ് മോഷ്ടിച്ച് കടന്നുകളഞ്ഞത്. എറണാകുളം ബാനർജി റോഡിൽ നിന്നാണ് പ്രതിയെ പിടികൂടിയത്. പിടികൂടുമ്പോൾ ഇയാളുടെ കൈവശം രണ്ട് ലാപ്പ്ടോപ്പുകളും ,ഒരു നോട്ട് പാഡും ഉണ്ടായിരുന്നു. ചോദ്യം ചെയ്യലിൽ ഇത് തിരുവനന്തപുരം മെഡിക്കൽ കോളേജ് മെൻസ് ഹോസ്റ്റലിൽ നിന്നും മോഷ്ടിച്ചതാണെന്ന് തെളിഞ്ഞു. നിരവധി കേസുകളിലെ പ്രതിയാണ് ഇയാൾ. ഇൻസ്പെക്ടർ പി.ലാൽ കുമാർ, എസ്.ഐ റോയി, സീനിയർ സി.പി.ഒ മാരായ ടി.പി.ദിലീപ് കുമാർ, എം.എം.കബീർ, പി.വി.വിജീഷ്, അജിത തിലകൻ എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.